# ST.JOSEPHS U.P.S VELLIYAMATTOM

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025–26



## ST JOSEPHS UPS VELIYAMATTOM

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | - സെന്റ് ജോസഫ്സ് യു പി സ്കൂൾ വെള്ളിയാമറ്റം |
| അഡ്രസ്സ് | -വെള്ളിയാമറ്റം പി.ഒ 685588 |
| സ്കൂൾ കോഡ് | - 29336 |
| ജില്ല | -ഇടുക്കി |
| വിദ്യാഭ്യാസ ജില്ല | -തൊടുപുഴ |
| വിദ്യാഭ്യാസ ഉപജില്ല | -തൊടുപുഴ |
| ബ്ലോക്ക് | - ഇളംദേശം |
| ജില്ലാ പഞ്ചായത്ത് | -ഇടുക്കി |
| ഗ്രാമപഞ്ചായത്ത് | -വെള്ളിയാമറ്റം |
| വില്ലേജ് | -വെള്ളിയാമറ്റം |
| ബി.ആർ.സി | -തൊടുപുഴ |
| എച്ച്.എം | -ജോർജുകുട്ടി ഇ എസ് |
| ഫോൺ നമ്പർ | - 9447129157 |
| ഇ മെയിൽ | - sjupsvelliyamattom@gmail.com |

# ചരിത്രം

1950 ജൂൺ മാസത്തിൽ പാല കോർപ്പറേറ്റ് ഏജൻസിയുടെ കീഴിൽ വെള്ളിയാമറ്റത്ത് ലോവർ പ്രൈമറി സ്കൂളായി ആരംഭിച്ച ഈ സ്ഥാപനം 1976 ൽ നിലപ്പന ബഹു . ഗീവർഗീസ് അച്ചൻ മാനേജർ ആയിരുന്ന കാലത്ത് ഈ സ്കൂൾ ഒരു യു പി സ്കൂൾ ആയി ഉയർത്തപ്പെട്ടു . യു പി സ്കൂളിൽ ആദ്യ ഹെഡ്മിസ്ട്രസ്സ് ആയി സി . ട്രീസ മാർട്ടിൻ നിയമിതയായി . രണ്ടായിരത്തിൽ ഈ സ്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ചു . 6500 ൽ അധികം കുട്ടികൾ ഈ വിദ്യാലയത്തിൽ നിന്നും കടന്നു പോയി . 2024 -25 അധ്യയന വർഷം വിവിധ പ്രവർത്തനങ്ങളിലൂടെ സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുകയും 2025 ഫെബ്രുവരി മാസം പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനം നടത്തുകയും ചെയ്തു . ഇന്നു നമ്മുടെ സ്കൂളിന്റെ സാരഥ്യം വഹിക്കുന്നത് ഹെഡ്മാസ്റ്റർ ശ്രീ . ജോർജ്ജ്കുട്ടി ഇ എസ് ആണ് . . സ്കൂളിന്റെ സർവതോൻമുഖമായ വളർച്ചയിൽ ഒരു വലിയ പങ്ക് വഹിക്കുന്ന പി ടി എ നമുക്ക് ഉണ്ട് . സ്കൂൾ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി SPG പ്രവർത്തിച്ചു വരുന്നു . 80 ഓളം കുട്ടികൾ ഈ വിദ്യാലയത്തിൽ ഇപ്പോൾ വിദ്യാ അഭ്യസിക്കുന്നു . സ്മാർട്ട് ക്ലാസ് റൂം ,നവീകരിച്ച ലൈബ്രറി ,ICT പഠനം GK WORLD തുടങ്ങിയ പ്രവർത്തന പദ്ധതിയിലൂന്നിയ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കുട്ടികൾക്ക് നൽകാൻ ഇന്നു നമ്മുടെ സ്കൂൾ ശ്രദ്ധ ചെലുത്തുന്നു .

# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘു ചരിത്രം
- പദ്ധതി രൂപീകരണ പ്രക്രിയ -വിവിധ ഘട്ടങ്ങൾ
- വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ച്ചപ്പാട്
- നിലവിലെ അവസ്ഥാ വിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ
- ഭൗതിക സാഹചര്യം
- സാമൂഹിക പങ്കാളിത്തം
- ക്ലാസ്തല പദ്ധതി വിശദാംശങ്ങൾ
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- ടാലന്റ് ലാബ്
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിംഗ്
- ഉപസംഹാരം

# പദ്ധതിരൂപീകരണ പ്രക്രിയ -വിവിധ ഘട്ടങ്ങൾ

- എസ്.ആർ.ജി യോഗത്തിൽ എൻ.എസ്.എസ്.ജി.എൽ.പി.എസ് ഗ്രേറ്റ് മിഷൻ എന്ന കാഴ്ച്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും .
- വികസാനാവിശ്യങ്ങൾ ക്ലാസ് /വിഷയം അടിസ്ഥാനത്തിൽ ഭൗതീകം അക്കാദമികം, സാമൂഹികംഎന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
- കരട് രൂപരേഖ എസ്.ആർ.ജി., എസ്.എം.സി, പി.റ്റി.എ, എം.പി.റ്റി.എ എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
- ശില്പശാലയിൽ ഉയർന്ന് വന്ന നിർദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- സ്റ്റാഫ് കൗൺസിലിൽ ചർച്ച ചെയ്യൽ.
- പി.റ്റി.എ നേതൃത്വത്തിൽ ക്രോഡീകരിച്ച് പദ്ധതി രൂപരേഖ തയ്യാറാക്കൽ.

## വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ച്ചപ്പാട്

- പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും നേടുന്നു എന്ന് ഉറപ്പു വരുത്തുന്നു.
- പരിസ്ഥിതി വരും തലമുറക്ക് കൈമാറേണ്ട അമൂല്യ സ്വത്താണെന്നും തങ്ങൾ അതിന്റെ കാവലാൾ മാത്രമാണെന്നുമുള്ള അവബോധ രൂപീകരണത്തോടെ കുട്ടികളെ പരിസ്ഥിതി സ്നേഹികളും ഗവേഷകരുമാക്കി മാറ്റുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന ഒരുക്കൽ.
- ശുചിത്വം-ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- മൂല്യാധിഷ്ഠിതമായ അദ്ധ്യാപന ശൈലികൾ.
- പാഠ്യപാഠ്യേതര ഇനങ്ങളിൽ മികച്ച പ്രകടനം.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ-ഒറ്റനോട്ടത്തിൽ

## അക്കാദമികം

- സബ്ജക്ട് കൗൺസിൽ
- എസ്.ആർ.ജി
- ക്ലബ് പ്രവർത്ത്നങ്ങൾ
- പഠനോപകരണ നിർമാണം-ശേഖരണം
- ലാബ് പ്രവർത്തനങ്ങൾ
- ദിനാചരണങ്ങൾ
- നിരന്തരവിലയിരുത്തൽ
- കലാ കായിക പ്രവർത്തി പരിചയം
- പഠന-പോഷണ  പരിപാടി
- സ്കോളർഷിപ്പ് പരീക്ഷകൾ
- ടാലന്റ് സെർച്ച് പരിപാടികൾ
- പ്രസിദ്ധീകരണങ്ങൾ
- ഐ.ടി അധിഷ്ഠിത പഠനം
- അസംബ്ലി
- പഠനയാത്ര , ഫീൽഡ്ട്രിപ്പ്

- പ്രകൃതിപഠന ക്യാമ്പ്
- വിദഗ്ധ ക്ലാസുകൾ
- സെമിനാർ,ശില്പശാല
- വിദ്യാലയ ജനാധിപത്യവേദികൾ
- ആധ്യാപക ശാക്തീകരണ പരിപാടികൾ
- ഒന്നാം ക്ലാസ് ഒന്നാം തരം
- ഐ.ടി പരിശീലനം
- മെഗാ ക്വിസ് പ്രോഗ്രാം
- അന്താരാഷ്ട്ര വർഷം-പ്രവർത്തന പരിപാടികൾ
- സ്കൂൾതല മേളകൾ
- ക്ലാസ് പത്രങ്ങൾ
- രചന ശില്പശാല
- ഗണിത ലാബ്,ഗണിതാന്തരീക്ഷം ഒരുക്കൽ
- ഭാഷാലാബ്
- ഗവേഷണാത്മക പ്രവർത്തനങ്ങൾ

# ഭൗതികസാഹചര്യം

- ക്ലാസ് മുറികൾ(ശിശുസൗഹൃദ ക്ലാസ് ,സ്മാർട്ട് റൂം)
- എച്ച്.എം റൂം സ്റ്റാഫ് റൂം
- റാമ്പ് ആന്റ് റെയിൽ സൗകര്യം
- കളിസ്ഥലം-കളി ഉപകരണങ്ങൾ
- കുടിവെള്ളം
- അടുക്കള-വിതരണ കേന്ദ്രം(ഡൈനിംഗ് ഹാൾ)
- മഴവെള്ള സംഭരണി
- ഓഡിറ്റോറിയം
- ഹരിതവിദ്യാലയം
- ലാബ് -ലാബ് സാമഗ്രികൾ
- ലൈബ്രറി - പുസ്തകങ്ങൾ
- ഐ.സി.ടി സൗകര്യങ്ങൾ(കമ്പ്യൂട്ടർ,നെറ്റ്,എൽ.സി.ഡി,പ്രൊജക്ടർ വൈറ്റ് ബോർഡ്-ഡിജിറ്റൽ ക്ലാസ് റൂം)
- പച്ചക്കറിത്തോട്ടം
- ക്ലാസ് റൂം ലൈബ്രറി ഷെൽഫ്
- കായികക്ഷമതാ കേന്ദ്രങ്ങൾ
- ഔഷധത്തോട്ടം
- മാലിന്യസംസ്കരണം
- ഡൈനിംഗ് ഹാൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് -1

## ആമുഖം

ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത് . എഴുത്ത് ,വായന ,സംഖ്യാബോധം ,മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് കൈവരിക്കുന്നത് . 2025 ജൂൺ മാസം മുതൽ 2026 മാർച്ച് മാസം വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് .

## പ്രവർത്തന ലക്ഷ്യങ്ങൾ

### മലയാളം

- സ്വന്തം ഭാഷയിൽ ആശയങ്ങൾ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
- കുട്ടികളുടെ സർഗാത്മക ശേഷി വികാസത്തിന്
- ലഘുവാക്യങ്ങൾ വായിക്കുന്നതിന്
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്

### ഗണിതം

- ഗണിതാഭിരുചി വളർത്തൽ
- സംഖ്യാബോധം വളർത്തുന്നതിന്
- സംഖ്യകൾ എണ്ണുന്നതിനും എഴുതുന്നതിനും
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നതിന്
- ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്

### പരിസര പഠനം

- പ്രകൃതി നടത്തം ,പ്രകൃതിയെ നിരീക്ഷിക്കൽ
- ദിനാചാരണങ്ങൾ
- ലഘു പരീക്ഷണങ്ങളിലൂടെ ചിന്താ ശേഷി വികാസം

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ❖ അക്ഷര കാർഡ് | PRETEST<br>അക്ഷരം ഉറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ<br>വാക്കുകൾ നിർമ്മിക്കൽ | ജൂൺ -ജൂലൈ | ക്ലാസ് ടീച്ചർ |
| ❖ സംഖ്യാ കാർഡ് | PRETEST<br>സംഖ്യകൾ ഉറപ്പിക്കൽ<br>സംഖ്യാ കാർഡ് നൽകൽ<br>സംഖ്യകൾ കണ്ടെത്തുന്നു ,പറയുന്നു എഴുതുന്നു | ജൂൺ -ജൂലൈ | ക്ലാസ് ടീച്ചർ |
| ❖ നിരീക്ഷണം | പ്രകൃതി നടത്തം<br>സസ്യങ്ങളെ നിരീക്ഷിക്കുന്നു<br>വിവിധ ഭാഗങ്ങൾ കണ്ടെത്തുന്നു<br>തിരിച്ചറിയുന്നു<br>,ചിത്രീകരിക്കുന്നു | ആഗസ്റ്റ് | ക്ലാസ് ടീച്ചർ |
| ❖ വായന മൂല | കഥകൾ പറയാനവസരം<br>വായന മൂല | | |

| | | | |
|---|---|---|---|
| | വായന വാരം<br>പത്ര വായന<br>കുട്ടി വായന<br>അമ്മ വായന | ജൂൺ -ഫെബ്രുവരി | ടീച്ചർ<br>PARENTS |
| ❖ രൂപങ്ങൾ വരയ്ക്കാം | ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു<br>വരയ്ക്കുന്നു<br>നിറം നല്കുന്നു<br>ചാർട്ടിൽ പ്രദർശിപ്പിക്കുന്നു<br>ചുറ്റുപാടുമുള്ള വസ്തുക്കളെ രൂപങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നു | ജൂൺ -ജൂലൈ | ടീച്ചർ<br>PARENTS |
| ❖ ശേഖരണം | ചുറ്റുമുള്ള വിവിധ തരം ഇലകൾ നിരീക്ഷിക്കുന്നു . തിരിച്ചറിയുന്നു ,ശേഖരിക്കുന്നു ,ഇല പ്രിന്റ് ആൽബം തയ്യാറാക്കുന്നു | ആഗസ്റ്റ് – ഡിസംബർ | ടീച്ചർ<br>PARENTS |
| ❖ ചിത്രവായന | ചിത്രം നല്കുന്നു<br>നിറം നൽകൽ<br>ചിത്ര വായന<br>കുട്ടി സ്വന്തം ആശയങ്ങൾ പങ്ക് വെക്കുന്നു<br>വസ്തുക്കൾ തിരിച്ചറിയുന്നു ,എഴുതുന്നു | ആഗസ്റ്റ് – ഡിസംബർ | ടീച്ചർ |
| ❖ പാട്ടരങ്ങ് | പുസ്തകത്തിലെ പാട്ടുകളും കുട്ടിപ്പാട്ടുകളും താളത്തിൽ പാടുന്നു | ജൂലൈ മാർച്ച് | SRG ടീച്ചർ |
| ❖ വർക്ക് ഷീറ്റ് | ഓരോ യൂണിറ്റിലെയും പഠന നേട്ടം ഉൾപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കി നല്കുന്നു .<br>മൂല്യനിർണയം നടത്തുന്നു<br>പരിഹാര ബോധനം ഉറപ്പ് വരുത്തുന്നു | ജൂലൈ –മാർച്ച് | HM ടീച്ചർ |
| ❖ ദിനാചാരണങ്ങൾ | പരിസ്ഥിതി ദിനാചരണം പോലെയുള്ള പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ<br>ക്വിസ് പോസ്റ്റർ തയ്യാറാക്കൽ | സെപ്റ്റംബർ - മാർച്ച് | SRG ടീച്ചർ |
| ❖ വായനാ കാർഡ് | കഥകൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു . വായന കാർഡ് നല്കുന്നു<br>കഥകൾ കുട്ടികൾ വായിക്കുന്നു | സെപ്റ്റംബർ - മാർച്ച് | ടീച്ചർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ് –II 2025-26

## ആമുഖം

ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത് . എഴുത്ത് ,വായന ,സംഖ്യാബോധം ,മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് കൈവരിക്കുന്നത് . 2025 ജൂൺ മാസം മുതൽ 2026 മാർച്ച് മാസം വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് .

## പ്രവർത്തന ലക്ഷ്യങ്ങൾ

### മലയാളം

- സ്വന്തം ഭാഷയിൽ ആശയങ്ങൾ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
- കുട്ടികളുടെ സർഗാത്മക ശേഷി വികാസത്തിന്
- ലഘുവാക്യങ്ങൾ വായിക്കുന്നതിന്
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്

### ഗണിതം

- ഗണിതാഭിരുചി വളർത്തൽ
- സംഖ്യാബോധം വളർത്തുന്നതിന്
- സംഖ്യകൾ എണ്ണുന്നതിനും എഴുതുന്നതിനും
- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നതിന്
- ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്

### പരിസര പഠനം

- പ്രകൃതി നടത്തം ,പ്രകൃതിയെ നിരീക്ഷിക്കൽ
- ദിനാചാരണങ്ങൾ
- ലഘു പരീക്ഷണങ്ങളിലൂടെ ചിന്താ ശേഷി വികാസം

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയാളവ് | ചുമതല |
|---|---|---|---|
| ❖ അക്ഷര കാർഡ് | PRETEST<br>അക്ഷരം ഉറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ<br>വാക്കുകൾ നിർമ്മിക്കൽ | ജൂൺ -ജൂലൈ | ക്ലാസ് ടീച്ചർ |
| ❖ സംഖ്യാ കാർഡ് | PRETEST<br>സംഖ്യകൾ ഉറപ്പിക്കൽ<br>സംഖ്യാ കാർഡ് നൽകൽ<br>സംഖ്യകൾ കണ്ടെത്തുന്നു ,പറയുന്നു എഴുതുന്നു | ജൂൺ -ജൂലൈ | ക്ലാസ് ടീച്ചർ |
| ❖ നിരീക്ഷണം | പ്രകൃതി നടത്തം<br>സസ്യങ്ങളെ നിരീക്ഷിക്കുന്നു<br>വിവിധ ഭാഗങ്ങൾ കണ്ടെത്തുന്നു<br>തിരിച്ചറിയുന്നു<br>,ചിത്രീകരിക്കുന്നു | ആഗസ്റ്റ് | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| ❖ വായന മൂല | കഥകൾ പറയാനവസരം<br>വായന മൂല<br>വായന വാരം<br>പത്ര വായന<br>കുട്ടി വായന<br>അമ്മ വായന | ജൂൺ - ഫെബ്രുവരി | ടീച്ചർ<br>PARENTS |
| ❖ രൂപങ്ങൾ വരയ്ക്കാം | ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു<br>വരയ്ക്കുന്നു<br>നിറം നല്കുന്നു<br>ചാർട്ടിൽ പ്രദർശിപ്പിക്കുന്നു<br>ചുറ്റുപാടുമുള്ള വസ്തുക്കളെ രൂപങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നു | ജൂൺ -ജൂലൈ | ക്ലാസ് ടീച്ചർ<br>PARENTS |
| ❖ ശേഖരണം | ചുറ്റുമുള്ള വിവിധ തരം ഇലകൾ നിരീക്ഷിക്കുന്നു . തിരിച്ചറിയുന്നു ,ശേഖരിക്കുന്നു ,ഇല പ്രിന്റ് ആൽബം തയ്യാറാക്കുന്നു | ആഗസ്റ്റ് – ഡിസംബർ | ടീച്ചർ<br>PARENTS |
| ❖ ചിത്രവായന | ചിത്രം നല്കുന്നു<br>നിറം നൽകൽ<br>ചിത്ര വായന<br>കുട്ടി സ്വന്തം ആശയങ്ങൾ പങ്ക് വെക്കുന്നു<br>വസ്തുക്കൾ തിരിച്ചറിയുന്നു ,എഴുതുന്നു | ആഗസ്റ്റ് – ഡിസംബർ | ടീച്ചർ |
| ❖ പാട്ടരങ്ങ് | പുസ്തകത്തിലെ പാട്ടുകളും കുട്ടിപ്പാട്ടുകളും താളത്തിൽ പാടുന്നു | ജൂലൈ മാർച്ച് | SRG ടീച്ചർ |
| ❖ വർക്ക് ഷീറ്റ് | ഓരോ യൂണിറ്റിലെയും പഠന നേട്ടം ഉൾപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കി നല്കുന്നു .<br>മൂല്യനിർണയം നടത്തുന്നു<br>പരിഹാര ബോധനം ഉറപ്പ് വരുത്തുന്നു | ജൂലൈ – മാർച്ച് | HM ടീച്ചർ |
| ❖ ദിനാചാരണങ്ങൾ | പരിസ്ഥിതി ദിനാചരണം പോലെയുള്ള പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ<br>ക്വിസ് പോസ്റ്റർ തയ്യാറാക്കൽ | സെപ്റ്റംബർ - മാർച്ച് | SRG ടീച്ചർ |
| ❖ വായനാ കാർഡ് | കഥകൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു . വായന കാർഡ് നല്കുന്നു<br>കഥകൾ കുട്ടികൾ വായിക്കുന്നു | സെപ്റ്റംബർ - മാർച്ച് | ടീച്ചർ |
| ❖ ഗണിതം മധുരം | ഗണിതപ്പാട്ട് അവതരണം<br>ഗണിത കേളികൾ ആസൂത്രണം ചെയ്യൽ ,ഗണിത കഥകൾ കേൾക്കാൻ | ജൂൺ -മാർച്ച് | ടീച്ചർ<br>Parents |

| | | | |
|---|---|---|---|
| | അവസരം നൽകൽ | | |
| ❖ റീഡേഴ്സ് തീയറ്റർ | കുട്ടികൾ കൊച്ചു കഥകൾ വായിച്ച് മനസിലാക്കുന്നു . കഥാപാത്രങ്ങളെ ഉൾക്കൊണ്ട് ശബ്ദ വ്യതിയാനത്തോടെ അവതരിപ്പിക്കുന്നു | ഒക്ടോബർ - ഫെബ്രുവരി | ടീച്ചർ |
| ❖ ലഘു പരീക്ഷണം | ലഘു പരീക്ഷണം ചെയ്യാൻ അവസരം നല്കുന്നു . കുട്ടികൾ നിരീക്ഷിക്കുന്നു നിഗമനത്തിൽ എത്തിച്ചേരുന്നു | ജൂലൈ – ഫെബ്രുവരി | Parents ടീച്ചർ |

# ACADEMIC MASTER PLAN –ENGLISH

## STD:I &II

**Aim:**

To spek ,read and write English without any mistakes

**Time :**

**June to March**

- Pretest
- To check the vocabulary and writing skills of pupils
- To develop listening skills and reading skills

**Listening Skills**

- Games ,Action Songs,Hello English activities
- Conversations,Skit,Stories,use ICT

**Speaking Skills**

- Identify the naming word from the picture
- Identify the action word from the same picture
- Make simple sentence using the action word and naming words about the picture
- Make simple description about the picture
- Growing sentence , picture reading, self-introduction.Assembly are conducted

**Activities**

- Speech, riddles self introduction
- Develop the creative speaking and writing

**Reading skills**

- News paper reading ,Library book reading ,reading breaking news
- Find words
- Text book activities
- Conversations ,skit stories use ICT materials
- Develop story
- Read notice, dairy letter

**Writing Skills**

- Make word web
- Picture description with describing words
- Sentence chain
- Make words and sentences

- Make riddles and conversations
- Add more lines
- Notice proclamations
- Thought
- Dairy
- Letter
- Announcement

**Activities**

speech ,quiz, riddles ,makes magazines , skits , exhibition etc.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്:3

### ആമുഖം

ഓരോ കുട്ടിയേയും മികവിലേക്കുയർത്താൻ ഓരോ ക്ലാസിലും മികച്ച അക്കാദമിക പദ്ധതികൾ രൂപപ്പെടേണ്ടതുണ്ട്.അതിനായി ഓരോ ക്ലാസിനും അക്കാദമിക ലക്ഷ്യങ്ങളും കർമ്മ പദ്ധതികളും വേണം.സൂക്ഷ്മമായ അക്കാദമിക പ്രശ്നങ്ങൾ നിർണയിച്ച് പ്രശ്നപരിഹാരത്തിന് താഴെ തലത്തിൽ ഇടപെടുകയാണ് വേണ്ടത്.കൃത്യമായ ലക്ഷ്യങ്ങൾ നേടുന്നതിന് പര്യാപ്തമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് 3-ാം ക്ലാസിലെ ഓരോ വിഷയത്തിന്റെയും കർമ്മ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

# Academic Master Plan-English

**Aim**

To speak,Read and Write English without any mistakes

**Time**

June to march

- Pretest
- To check the vocabulary and writing skills of pupils
- To develop listening skills and reading skills

**Listening Skills**

- Games, Action songs, Hello English activities
- Conversations, skit stories ,use ICT

**Speaking skills**

- Identify the naming words from the picture
- Identify the action words from the same pictures
- Make simple sentences using the action words and naming words about the picture
- Make simple description about the picture

- Growing sentences, picture reading ,self introduction, Assembly are conducted

**Activities**

- Speech, book review quiz, riddles , self introduction, school radio etc
- Develop the creative speaking and writing

**Reading skills**

- News paper reading. Literary books reading, book review, reading breaking news
- Find words
- Collect and read past tense, rhyming words, describing words etc
- Text book activities
- Conversation , skit stories use ICT materials
- Develop story
- Read notice, dairy, reads letters from friends

**Writing skills**

- Make word web
- Picture description with describing words

- Word chain sentence chain
- Make words and sentences
- Make riddles and conversation
- Add more lines
- Notice proclamations
- Thought
- Diary
- Letter
- Announcement

**Activities**

Speech, quiz riddles, school radio, makes magazines, skits, class room post office, exhibition etc

# മലയാളം

| പ്രോഗ്രാം | ആക്ടിവിറ്റി | ഡ്യൂറേഷൻ | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1.ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>വാക്ക് നിർമ്മാണം<br>അക്ഷരകാർഡ് നൽകൽ<br>ചിത്രം കഥപറയൽ | ജൂൺ,ജൂലൈ | ലൈബ്രറി | പി.റ്റി.എ |
| 2.കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>വായനാമൂല<br>ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>പത്രവായന<br>അമ്മ വായന<br>ബാലസഭ<br>ദിനാചരണങ്ങൾ<br>വായനക്കുറിപ്പ്<br>അനുകാലിക പ്രസിദ്ധീകരണങ്ങൾ | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ | പുസ്തകങ്ങൾ | ബി.ആർ.സി<br>എസ്.സി.ആർ.റ്റി |
| 3. വായിച്ചകഥകളിൽ നിന്നും സംഭാഷണം തയ്യാറാക്കുന്നു. | റോൾപ്ലേ<br>ലഘുനാടകങ്ങൾ<br>മൈമിംഗ്<br>ചിത്രവായന | നവംബർ | | |
| 4. വായിച്ചകഥയിലെ കഥാപാത്രങ്ങളെ ചിത്രീകരിച്ച് വ്യത്യസ്ഥ വ്യവഹാര രൂപങ്ങൾ തയ്യാറാക്കുന്നു | കഥാപൂരണം<br>ഓഡിയോ | ഡിസംബർ | | |

# ക്ലാസ്-3

# അക്കാദമിക മാസ്റ്റർ പ്ലാൻ-ഗണിതം

**ലക്ഷ്യം:**

- ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കുക .
- മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക

**ശേഷി:**

- 1000 വരെയുള്ള സംഖ്യാബോധം
- സങ്കലനം,വ്യവകലനം,ഗുൺനം

**സമയം:**

- ജൂൺ-മാർച്ച്

**പ്രവർത്തനങ്ങൾ:**

- മൂർത്തവസ്തുക്കൾ ഉപയോഗിച്ച് (ഈർക്കിൽ,മഞ്ചാടി,മുത്ത്)എണ്ണൽ,കെട്ടുകളാക്കൽ
- അബാക്കസ് ,കൂട്ടങ്ങളാക്കൽ,സ്ഥാന വില പോക്കറ്റ്,കളിനോട്ടുകൾ സംഖ്യാ റിബൺ എന്നിവ ഉപയോഗിച്ച് സ്ഥാനവില ഉറപ്പിക്കൽ
- സങ്കലനം -മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ
- എടുത്തുമാറ്റാം
- പാമ്പും കോണിയും
- ജിപ്സം ബോർഡ്
- അരവിന്ദ് ഗുപ്ത സ്ട്രിപ്പ്
- സംഖ്യാ ചക്രം
- മുത്ത് കോർക്കൽ
- സംഖ്യാ കാർഡ് കളി

  മുതലായവ

കുട്ടികളിൽ സങ്കലനം ,വ്യവകലനം ,ഗുണനം എന്നിവ ഉറപ്പിക്കൽ .

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ് -4

### ആമുഖം

2022-23 അധ്യയനവർഷത്തിൽ നാലാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ കർമ്മ പദ്ധതിയുടെ രൂപരേഖയാണിത് .ഭാഷാ,പരിസരപഠനം,ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രക്ഷിതാക്കളുടെ സജീവമായ പിൻതുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപ കൽപ്പന ചെയ്തിരിക്കുന്നത്.കോവിഡാനന്തരം കുട്ടികളിലുണ്ടായിട്ടുള്ള പഠന വിടവുകൾ നികത്തുകയും പഠന പ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുകയും സ്വയം ഏറ്റെടുക്കൽ മനോഭാവം വളർത്തൽ , സ്വയം വിലയിരുത്തൽ,പരസ്പരം വിലയിരുത്തൽ,പഠനപ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾകൊള്ളുക്കുന്നു.

### ലക്ഷ്യങ്ങൾ:-

- മികച്ച ഭാഷയിൽ എഴുതുന്നതിനും ഒഴുക്കോടെ സ്വതന്ത്രവായന നടത്തുന്നതിനും കൃത്യമായ സന്ദർഭത്തിൽ വേണ്ടവിധം ഭാഷശേഷി പ്രയോഗിക്കുന്നതിനുള്ള പ്രാപ്തി നേടുക
- എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുക
- കുട്ടികളിൽ സാമൂഹികവികസന വിടവ് നിലനിൽക്കുന്ന പുതിയ സാഹചര്യത്തിൽ , സംഘപ്രവർത്തനങ്ങൾ,കളികൾ,എന്നിവയിലൂടെ സാമൂഹിക ബോധം ,സംഘ ബോധം പങ്കിടൽ എന്നിവ വികസിപ്പിക്കുക.
- ശാസ്ത്ര കൗതുകം വളർത്താൻ ഉതകുന്ന തരത്തിൽ ശാസ്ത്ര പരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.

| ലക്ഷ്യം | | ആക്ടിവിറ്റി | ടൈം | | |
|---|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | പരിസരപഠനം<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈ നടൽ<br>• എല്ലാ കുട്ടികൾക്കും വൃക്ഷതൈ വിതരണം | ജൂൺ-ജൂലൈ | | | |
| | • കുട്ടികൾ വീട്ടിൽ തയ്യാറാക്കിയ പൂന്തോട്ടത്തിന്റെ ഫോട്ടോ എടുത്ത് ക്ലാസ് ഗ്രൂപ്പിൽ പ്രദർശിപ്പിക്കുന്നു. | ആഗസ്റ്റ് | | | |
| | • പാടം,കുന്ന്,കാവ് തുടങ്ങിയ ആവാസവ്യവസ്ഥയെക്കുറിച്ച് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു.വർഗീകരണം നടത്തുന്നു. | സെപ്റ്റംബർ | | | |
| | • ആവാസവ്യവസ്ഥയുടെ പ്രാധാന്യം അവതരിപ്പിക്കുന്ന പോസ്റ്റർ തയ്യാറാക്കുന്നു. | ഒക്ടോബർ | | | |

| | | | | | |
|---|---|---|---|---|---|
| | • ജീവികളുടെ നിലനിൽപ്പിന് അജീവിയ ഘടകങ്ങൾ ആവശ്യമാണ്. | നവംബർ | | | |
| | • ജീവിയ ഘടകങ്ങളും അജീവിയ ഘടകങ്ങളും പട്ടികപ്പെടുത്തൽ | | | | |
| | • ചെടിയുടെ വളർച്ച ചിത്രങ്ങൾ വരയ്ക്കൽ | ഡിസംബർ | | | |
| | • കുട്ടികൾ അവരുടെ ചെടികൾക്ക് നൽകുന്ന പരിപരണത്തെക്കുറിച്ച് ചെടിയുടെ വളർച്ചയെക്കുറിച്ച് കൂട്ടുകാരന് കത്ത് എഴുതുന്നു. | ജനുവരി | | | |
| | • പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് മുദ്രാവാക്യങ്ങൾ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുന്നു. | ഫെബ്രുവരി | | | |
| | • സസ്യങ്ങളുടെ പേരുകൾ നൽകി കുട്ടികളെ ഗ്രൂപ്പ് തിരിക്കുന്നു.ഓരോ ഗ്രൂപ്പും അവരവർക്ക് ലഭിച്ച സസ്യങ്ങളെക്കുറിച്ച് പറയുന്നു. | മാർച്ച് | | | |
| ഭാഷാപരമായ പിന്നോക്കവസ്ഥ പരിഹരിക്കുന്നതിന്. | **<u>മലയാളം</u>**<br>• കുട്ടികളുടെ നിലവാരം അറിയുന്നതിനായ് പ്രീടെസ്റ്റ് നടത്തുന്നു.<br>• അക്ഷരം ഉറപ്പിക്കൽ ,ചിഹ്നങ്ങൾ ഉറപ്പിക്കൽ ,അക്ഷരകാർഡ് നൽകൽ,വാക്യങ്ങൾ അടങ്ങിയ കാർഡ് നൽകൽ | ജൂൺ-ജൂലൈ | | | |
| | • ചിത്രങ്ങൾ നൽകി അടിക്കുറിപ്പ് ,കഥ ,കവിത ,ബാക്കി ഭാഗം പൂരിപ്പിക്കൽ | ആഗസ്റ്റ് | | | |
| | • വലിയ അക്ഷരം ഉള്ള കഥാ പുസ്തകങ്ങൾ നൽകൽ<br>വായനക്കൂട്ടം<br>പത്രവായന<br>സർഗ്ഗവേള<br>ബാലസഭ എന്നിവ സ്കൂളുകളിൽ നടത്തുന്നു. | സെപ്റ്റംബർ | | | |
| | • ചിത്രങ്ങൾ അടങ്ങിയ സി.ഡി കൾ പ്രദർശിപ്പിക്കുന്നു.ഓരോ ചിത്രത്തെക്കുറിച്ചും പറയാനും എഴുതാനും അവസരം നൽകുന്നു. | ഒക്ടോബർ | | | |

| | | | | | |
|---|---|---|---|---|---|
| | • ഭാഷയെ കൂടുതൽ മനസ്സിലാക്കാനും ആഴത്തിലുള്ള വായനയ്ക്കായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യിന്നു. | | | | |
| | • ഒരു കഥയുടെ കുറച്ച് ഭാഗം നൽകി ബാക്കി ഭാഗം എഴുതിക്കുന്നു.പറയിക്കുന്നു | നവംബർ | | | |
| | • പുസ്തകങ്ങൾ ചേർത്ത് വച്ച് ലൈബ്രറി തയ്യാറാക്കൽ ,ലൈബ്രേറിയനെ കണ്ടെത്തുന്നു. | ഡിസംബർ | | | |
| | • വിവിധ ചിത്രങ്ങൾ ക്ലാസിൽ നൽകി പത്രവായന തയ്യാറാക്കൽ | ജനുവരി-ഫെബ്രുവരി | | | |
| | • സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകം തിരഞ്ഞെടുക്കാനും അത് കുട്ടികളോട് ചേർന്ന് വായിക്കാനും അനുഭവം പറയാനും അവസരം നൽകുന്നു. | മാർച്ച് | | | |
| നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യൽ. ഗണിതപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ. | **<u>ഗണിതം</u>**<br>• ഗണിതകേളികൾ<br>• ഗണിതപാട്ടുകൾ<br>• ഗണിത കഥകൾ<br>• ഗണിത പസിൽസ്<br>• സംഖ്യാ കാർഡുകൾ | ജൂൺ | | | |
| | • ജ്യാമിതിയലെ രൂപങ്ങൾ തിരിച്ചറിയുന്നു. | ജൂലൈ | | | |
| | • പരിസരത്തുനിന്നും 6 ചതുരം,ത്രികോണം,വൃത്തം എന്നീ രൂപങ്ങൾ തിരിച്ചറിയും | ആഗസ്റ്റ് | | | |
| | • രൂപങ്ങൾ നിർമിക്കുന്നു | | | | |
| ഗണിതാഭിരുചി വളർത്തൽ. | • അക്കങ്ങൾ ഉറപ്പിക്കൽ<br>• സ്ഥാനവില തിരിച്ചറിയുന്നു.<br>• ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. | സെപ്റ്റംബർ | | | |

| | | | | | |
|---|---|---|---|---|---|
| | • മൂർത്തവസ്തുക്കൾ കൂടി സങ്കലന വ്യവകലന ക്രിയകൾ പഠിക്കുന്നു. | | | | |
| നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യൽ. | • ചുറ്റളവ് വിസ്തീർണ്ണം എന്നിവ കണ്ടെത്തൽ | ഒക്ടോബർ | | | |
| | • കലണ്ടർ സമയം,ദൂരം എന്നിവയുടെ ഉപയോഗം | നവംബർ | | | |
| ഗണിതം മധുരമാക്കൽ | • അളവ്,തൂക്കം എന്നിവയുടെ ഉപയോഗം | | | | |
| | • ഗണിത ലാബ് ഉപയോഗപ്പെടുത്തുന്നു. | ഡിസംബർ | | | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷിയുടെ വികാസവും | • ജ്യാമിതീയ രൂപങ്ങൾക്ക് രൂപം നൽകി വിദ്യാലയത്തോടനുബന്ധിച്ച് പാർക്ക സജ്ജമാക്കുക. | ജനുവരി | | | |
| | | ഫെബ്രുവരി | | | |
| | • ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ | മാർച്ച് | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഗണിക്കൽ. | • വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു.അവയുടെ ഗണിത സവിശേശതകൾ പട്ടികപ്പെടുത്തൽ, | ജൂൺ | | | |
| | • പ്രദർശനം സംഘടിപ്പിക്കൽ | ജൂലൈ | | | |
| | **ഇംഗ്ലീഷ്** | | | | |
| | • പ്രി-ടെസ്റ്റ് | | | | |
| | • അക്ഷരം ഉറപ്പിക്കൽ | ആഗസ്റ്റ് | | | |
| | • അക്ഷര കാർഡ് നല്കൽ | | | | |
| കുട്ടിയെമികച്ച വായനക്കാരനാക്കൽ (റീഡിംഗ്കോർണർ) | • വാക്കുകൾ എഴുതിയ കാർഡുകൾ നൽകൽ | സെപ്റ്റംബർ | | | |
| | • വാക്കുകൾ നിർമ്മിക്കുക | | | | |

| | | | | | |
|---|---|---|---|---|---|
| കുട്ടിയെമികച്ച എഴുത്തുകാരനാക്കുക | • വാക്യങ്ങൾ നിർമ്മിക്കുക<br>• ചിത്രത്തിന് അടിക്കുറിപ്പ് നൽകുക<br>• ചിത്രം നോക്കി കഥ പറയൽ<br>• ചിത്രം നോക്കി കഥ എഴുതൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക പ്രത്യേകം ക്ലാസ്സ്<br>• വായനാമൂല<br>• ക്ലാസ് ലൈബ്രറി രൂപികരിക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• വായനാക്ലബിൽ അംഗത്വം<br>• വായനോത്സവം<br>• വായനാമത്സരം സംഘടിപ്പിക്കൽ<br>• പത്ര വായന<br>• വായനാകുറിപ്പ്<br>• സ്കൂൾ സഭ<br>• ബാല സഭ<br>• ഇംഗ്ലീഷ് ന്യൂ നിരീക്ഷണം | ഒക്ടോബർ | | | |
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് എഴുതാനും പറയാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കുക | • ഭാഷ പരിജ്ഞാനം ഉള്ളവരുമായി അഭിമുഖം<br>• ഇ-റീഡിംഗ് | ഡിസംബർ | | | |
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക | • എഴുത്ത് കൂട്ടം രൂപീകരിക്കുന്നു.<br>• പുസ്തക ചർച്ച<br>• ക്ലാസ് ലൈബ്രറി<br>• വായനാകുറിപ്പ്<br>• സർഗ്ഗ സൃഷ്ടികൾ തയ്യാറാക്കൽ | ജനുവരി | | | |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവ് നേടൽ | • ഭാഷാപ്രൊജക്ട് | ഫെബ്രുവരി | | | |

| | | | | | |
|---|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ<br><br>പാഠപുസ്തക പ്രവർത്തനങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലേക്ക മാറ്റിയെഴുതൽ.<br><br>അവധി ദിവസങ്ങളിൽ ഗ്രാമർ പ്രാധാന്യം നൽകി ക്ലാസ്സ്.<br><br>ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു.ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം കുട്ടികൾക്ക നൽകുന്നു് | | | | |

# U.P
# MALAYALAM

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദ സമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുന്നു | എന്റെ അവധിക്കാലം<br>1) പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ ,കവിത ,യാത്രാനുഭവം അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു . ) | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2. പഠിതാക്കളിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പ് വരുത്തുക | • **ഭാഷാ കേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷര ശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു . | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | • വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>പത്രം, ആഴ്ച പതിപ്പ് ,മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉയർത്തുകയും ചെയ്യുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | 2) വാർത്താ ലോകത്തേക്ക് പത്രം ,ആഴ്ചപ്പതിപ്പ് ,മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉയർത്തുകയും ചെയ്യുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| | • വാർത്താ വായന നവ മാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു | പ്രതിമാസം | മലയാളം ക്ലബ് | |
| | • അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് ,സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ ,എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം ക്ലബ് | മലയാളം ക്ലബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗ ശേഷി വളർത്തൽ | സംവാദം /മുഖാ മുഖം സാഹിത്യകാരന്മാർ ,എഴുത്തുകാർ ,കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്സ് അധ്യാപകർ | പി ടി എ |
| 4) മലയാളം കമ്പ്യൂട്ടറിംഗ് അറിവ് നേടിയെടുക്കലും സർഗാത്മക ശേഷി വളർത്തലും | മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു | രണ്ട് വർഷം | മലയാളം ,ഐ ടി അധ്യാപകർ | മലയാളം ക്ലബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് | വർഷാവസാനം | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | | | |
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്ക്കാരം പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽ കാഴ്ചകൾ ,ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസ്സംബ്ലിയിൽ അവതരിപ്പിക്കാൻ നല്കുന്നു | അക്കാദമിക വർഷം | പി ടി എ സ്കൂൾ | പി ടി എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് ജോസഫ് എഫ് എം അവതരണ മികവ് | വിശേഷ ദിനങ്ങളും ,ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു . വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു . വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചവയുടെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന് പിന്നീട് എല്ലാ ദിവസവും | ക്ലാസ് ലീഡർ സ്കൂൾ ലീഡർ മലയാളം അധ്യാപകർ | വിവിധ ക്ലബുകൾ |

# ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കുവാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | **LEND YEAR EAR** ലാളിതവും രസകരവുമായി ഇംഗ്ലീഷ് റിക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു . ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നല്കുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ് |
| | **FOLLOW ME IF YOU CAN** ഇംഗ്ലീഷിൽ നല്കുന്ന നിർദ്ദേശങ്ങൾ ക്ക് അനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നല്കുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | " |
| | **BREAKING NEWS** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു . ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു | നവംബർ | ഇംഗ്ലീഷ് അധ്യാപകൻ | " |
| | **MISSING MAN** അധ്യാപികയും വിദ്യാർഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു . തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം നല്കുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | " |
| | **TREASURE HUNT** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ചു വിഭിന്ന അറകളാക്കുന്നു . ഓരോ അറകൾക്കും നമ്പർ നല്കി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു . വസ്തു ഏതെന്നു മറ്റ് കുട്ടികൾ തിരിച്ചറിയുന്നു point നല്കുന്നു | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ് |
| | **ONE MAN SHOW** ആശയം നല്കി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നല്കുന്നു | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകൻ | " |
| 2. ഭാവകാത്മക വായന പരിശീലിപ്പിക്കുന്നു | **I TOO CAN !!** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു . തെറ്റ് കൂടാതെ വായിക്കാൻ അവസരം നല്കുന്നു . ( ലളിതമായതിൽ നിന്നു സങ്കീർണ്ണമായതിലേക്ക് ) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | " |
| | **LEARNING LADDER** പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വസ്തുക്കൾ ചർട്ടിൽ എഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നല്കുന്നു . മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകൻ | " |

| | | | | |
|---|---|---|---|---|
| | **READER OF THE MONTH** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നല്കി റീഡർ ഓഫ് ദി മന്ത് നെ ആദരിക്കുന്നു | മാസം തോറും | ഇംഗ്ലീഷ് അധ്യാപകൻ | " |
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷിൽ എഴുതാൻ പ്രാപ്തരാക്കുന്നു | **MY DROPLETS** കുട്ടികളുടെ കലാ സൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | " |
| | **ALERT ZONE** സൂചന ബോർഡുകൾ ,പോസ്റ്ററുകൾ ,നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു | ദിനാചാരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | " |
| | **RUN BABY RUN** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിന് ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ് കൂടാതെ എഴുതുന്നു . ഏറ്റവും ആദ്യം തെറ്റ് കൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു | ആഴ്ചയിൽ | ഇംഗ്ലീഷ് അധ്യാപകൻ | " |
| | **FUN TIME** കടം കഥകൾ ,കുസൃതി ചോദ്യങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നല്കുന്നു | ആഴ്ചയിൽ | ഇംഗ്ലീഷ് അധ്യാപകൻ | " |
| 4. ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | **ENGLISH THEATRE** വ്യത്യസ്തമായ കഥകൾ എഴുതി drama ,role play തുടങ്ങിയവ കുട്ടികൾക്ക് അവതരിപ്പിക്കാൻ അവസരം നല്കുന്നു | ജനുവരി | ഇംഗ്ലീഷ് അധ്യാപകൻ | " |
| | **DOCUMENTARY/ FILIM SHOW** ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യം നേടുന്നതിനായി DOCUMENTARY/ FILIM SHOW പ്രദർശിപ്പിക്കുന്നു | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | " |
| | **ENGLISH CLUB** ഇംഗ്ലീഷ് ക്ലബിന്റെ നേതൃത്വത്തിൽ ചർച്ചകൾ ,പ്രസംഗ മത്സരങ്ങൾ ,കഥ പറയൽ തുടങ്ങിയവ സംഘടിപ്പിക്കുന്നു | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ ഇംഗ്ലീഷ് ക്ലബ് | " |

# SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹിക ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **അങ്കത്തട്ട്** കളിയിൽ നിന്നു കാര്യത്തിലേക്ക് സാമൂഹിക ശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നല്കുന്നു | അക്കാദമിക വർഷാരംഭം ജൂൺ | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്** അന്തർ ദേശീയ തലം മുതൽ ജില്ലാ തലം വരെയുള്ള നദികൾ ,ഭൂപ്രകൃതി ,തലസ്ഥാനങ്ങൾ ,വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | ജൂൺ | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | VIRTUAL FIELD TRIP ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്ര അവബോധം വളർത്തുന്നു | അക്കാദമിക വർഷം | സാമൂഹിക ശാസ്ത്ര അധ്യാപകൻ | |
| 3. ജനാധിപത്യ പരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്നു അരങ്ങത്തേക്ക് ഗ്രാമ സഭ ,വാർഡ് സഭ എന്നിവയിൽ മാതാ പിതാക്കളോടൊപ്പം പങ്കെടുത്തു ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു | ജൂലൈ -ആഗസ്റ്റ് | സാമൂഹിക ശാസ്ത്ര അധ്യാപകൻ | |
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെടാൻ പഠിതാകളെ ബോധവാന്മാരാക്കുന്നു | **പ്രകൃതി താണ്ഡവം** ഭൂകമ്പം . സുനാമി ,കൊടുങ്കാറ്റ് ,വെള്ളപ്പൊക്കം ,ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തത്തിന്റെ തീവ്രതയെക്കുറിച്ച് കുട്ടികളെ മനസിലാക്കി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുന്നതിന്നു പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | ജൂൺ - ജൂലൈ | സാമൂഹിക ശാസ്ത്ര അധ്യാപകർ | |
| 5. സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | നന്മയുടെ നുറുങ്ങുവെട്ടം പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നല്കുന്നു | അക്കാദമിക വർഷം | സാമൂഹിക ശാസ്ത്ര അധ്യാപകർ | പി ടി എ |
| 6. വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരു പയോഗങ്ങളെക്കുറിച്ചും ക്രിമിനൽ | ചിലന്തി വലയിൽ നിന്നു കുതിച്ചു ചാട്ടം സാമൂഹ്യ ശാസ്ത്ര ക്ലബി ന്റെ ആഭിമുഖ്യത്തിൽ | ജൂൺ -ജൂലൈ | സാമൂഹിക ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പ്രവർത്തനങ്ങളേക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർഥികളെ ബോധവന്മാരാക്കുന്നു | സൈബർ സുരക്ഷ ,റോഡ് സുരക്ഷ,സൈബർ കുറ്റകൃത്യങ്ങൾ എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | | | |
| 7. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | കൂടെവിടെ മക്കളെ ? (ഫീൽസ് ട്രിപ്പ് സർവേ ) പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെ ടലുകൾക്ക് വിധേയമായ കാവുകൾ ,കണ്ടൽകാടുകൾ ,തണ്ണീർത്തടങ്ങൾ ,ജലാശയങ്ങൾ ,കാടുകൾ എന്നിവ സന്ദർശിച്ചു സർവേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹിക ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| 8. സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളുടെ നിലവാരം ഉയർത്തുന്നു | പുതു ചക്രവാളത്തിലേക്ക് മത്സര ബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷ നേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ,ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹിക ശാസ്ത്ര അധ്യാപകർ | |

# ക്ലാസ് VII –അടിസ്ഥാനശാസ്ത്രം

സ്കൂളിന്റെ പേര് :സെന്റ് ജോസഫ്സ് യു പി സ്കൂൾ വെള്ളിയാമറ്റം

വിഭാഗം : U.P

വിഷയം : അടിസ്ഥാന ശാസ്ത്രം

## ലക്ഷ്യങ്ങൾ

- ജീവിത സാഹചര്യങ്ങളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുന്നതിന് കഴിയുന്നു .
- പരിസ്ഥിതിയോടുള്ള സ്നേഹം തിരിച്ചറിഞ്ഞ് ,കാർഷികരംഗത്തെക്കുറിച്ചുള്ള മാറ്റങ്ങൾ തിരിച്ചറിയൽ
- ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ,കണ്ടുപിടിത്തങ്ങൾ എന്നിവയുടെ പഠന സാധ്യതകൾ പ്രയോജനപ്പെടുത്തുക
- ശാസ്ത്ര ലാബ് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് കഴിയുന്നു
- ബഹിരാകാശ വിജ്ഞാനത്തെക്കുറിച്ചുള്ള ധാരണ വളർത്തുക
- പരിസ്ഥിതിയെ മലിനമാകാതെ സൂക്ഷിക്കുന്നതിനും,ധാരണ വളർത്തുന്നതിനും കഴിയുക
- വന്യ മൃഗ നിരീക്ഷണത്തെക്കുറിച്ചുള്ള ധാരണ നേടുക
- സുരക്ഷിതമായ ഭക്ഷണത്തെക്കുറിച്ചുള്ള അറിവ് വളർത്തിയെടുക്കുക
- ശാസ്ത്ര അറിവുകൾ മാതാ പിതാക്കളുടെ അറിവിലേക്കെത്തിക്കുക –ഫീഡ് ബാക്ക്

## ക്ലാസ് V,VI,VII

| ക്രമ നം | ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ | കാലയളവ് | നിർമ്മാണ ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നു ശാസ്ത്രത്തെ തിരിച്ചറിയുക | ▪ "ഹരിതമനോഹാരം" കൃഷിയെക്കുറിച്ചുള്ള അറിവ് നേടുന്നു .<br>▪ വിവിധതരം കൃഷികളെ കുറിച്ചുള്ള അറിവ് നേടുന്നു (കൃഷി –ക്വിസ് )<br>▪ കൃഷി –കൃഷി രീതികൾ എന്നിവയിൽ (മാവ് ,റബ്ബർ ,കൊക്കോ ,കാപ്പി ,തെങ്ങ് ) എന്നിവയെക്കുറിച്ചുള്ള കൂടുതൽ അറിവ് നേടുന്നു<br>▪ പ്രോജക്ട് വിവരങ്ങൾ തേടുന്നു – ഫീൽസ് ട്രിപ്പ് ,റിപ്പോർട്ട്,കൃഷി ,ആൽബം<br>▪ കൃഷി ക്വിസ് വീഡിയോ പ്രദർശനം ,കാർഷിക രചനകൾ ,കഥ /കവിത (ഇംഗ്ലീഷ് /മലയാളം ) | 7 | ജൂൺ - മാർച്ച് | സയൻസ് അധ്യാപകർ | |
| | | B) ആരോഗ്യം നിറഞ്ഞ ജീവിതം നമ്മുടെ ഭക്ഷണ രീതികൾ എപ്രകാരം ഉള്ളവയെന്ന് കണ്ടെത്തുന്നു ,പോഷകാഹാരം നിറഞ്ഞവ കണ്ടെത്തുന്നു<br>✓ ചെറുധാന്യങ്ങൾ അറിവ്<br>✓ അപര്യാപ്തതാ രോഗങ്ങൾ തിരിച്ചറിയൽ<br>✓ സമീകൃതാഹാരം<br>✓ 'ആരോഗ്യവും ആഹാരവും വിഷയത്തിന്റെ അടിസ്ഥാനത്തിൽസെമിനാർ(ICT) സഹായത്താൽ കുട്ടി അവതരിപ്പിക്കുന്നു | 6<br>6<br>5 | ജൂൺ - മാർച്ച് | " | |
| 2 | പരിസ്ഥിതിയോടു | – കാർഷിക മേഖലയിലെ | | ജൂൺ - | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ള്ള സ്നേഹം തിരിച്ചറിഞ്ഞ കാർഷിക രംഗം പുതിയ ടെക്നോളജി തിരിച്ചറിയൽ | മാറ്റങ്ങൾ തിരിച്ചറിഞ്ഞ് കൃഷിക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങൾ കണ്ടെത്തുന്നു .<br>- നമ്മുടെ രാജ്യത്തെ കാർഷിക സമ്പത്ത് ഏതൊക്കെ സംസ്ഥാനങ്ങളിൽ കാർഷിക മുന്നേറ്റം ഉണ്ടെന്ന് തിരിച്ചറിയുന്നു ( സംസ്ഥാനം -കൃഷി രീതികൾ ) | 7 | ഡിസംബർ | " | | |
| 3 | ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ കണ്ടുപിടിത്തങ്ങൾ എന്നിവയുടെ പഠന സാധ്യതകൾ പ്രയോജനപ്പെടുത്തുക | ❖ ശാസ്ത്ര ലോകം ഓരോ മാസത്തിലേയും കണ്ടുപിടിത്തങ്ങൾ ,സാങ്കേതിക വളർച്ച ,എന്നിവയെക്കുറിച്ചുള്ള വിവരണങ്ങൾ കുട്ടികൾക്ക് നല്കുക .<br>❖ സെമിനാർ ICT വീഡിയോ പ്രദർശനം കണ്ടെത്തലിലൂടെ | 5,6,7 | | | | |
| 4 | ശാസ്ത്ര ലാബ് ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് കഴിയുന്നു | ❖ ശാസ്ത്ര ലാബ് ഉപകരണങ്ങൾ നിർമ്മിതി പരീക്ഷണങ്ങളിലെ പങ്കാളിത്തം<br>❖ ആശയ രൂപീകരണം എന്നിവ നല്കി ശാസ്ത്ര പഠനം പ്രോത്സാഹിപ്പിക്കൽ | 5,6,7 | | | | |
| 5 | ❖ ബഹിരാകാശ വിജ്ഞാനത്തെക്കുറിച്ചുള്ള ധാരണ വളർത്തുക | ❖ ബഹിരാകാശത്തെക്കുറിച്ചുള്ള ധാരണ വളർത്തുന്ന വീഡിയോ പ്രദർശനം ,ക്വിസ് , സെമിനാർ | 5<br>6<br>7 | ജൂലൈ ഡിസംബർ | | | |
| 6 | പരിസ്ഥിതി മലിനീകരണം തടയുക | ❖ പ്ലാസ്റ്റിക് വസ്തുക്കളുടെ അമിത ഉപയോഗം നിയന്ത്രിക്കുക<br>❖ മനുഷ്യർക്കുള്ള ആരോഗ്യ പ്രശ്നം വീഡിയോ പ്രദർശിപ്പിക്കുക<br>❖ ജല സംരക്ഷണം ക്വിസ്<br>❖ വായു മലിനീകരണം തടയൽ | 5<br>6<br>7 | ജൂൺ - മാർച്ച് | | | |
| 7 | മനുഷ്യ ശരീരത്തെക്കുറിച്ചുള്ള ധാരണ നേടുക | ❖ മനുഷ്യ ശരീരം അവയവങ്ങൾ<br>❖ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം<br>❖ ചൂഷണങ്ങളിൽ നിന്നുള്ള സുരക്ഷ(തനിച്ചല്ല ) പ്രവർത്തനങ്ങൾ<br>❖ ബോധവൽക്കരണ ക്ലാസുകൾ<br>❖ ആരോഗ്യ സംരക്ഷണം ഉറപ്പാക്കൽ (ആരോഗ്യ ക്വിസ് ) | 5<br>6<br>7 | ആഗസ്റ്റ് മാർച്ച് | | | |
| 8 | സുരക്ഷിതമായ ഭക്ഷണത്തെക്കുറിച്ചുള്ള അറിവ് വളർത്തിയെടുക്കുക | ❖ കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള പഠന പ്രവർത്തനങ്ങൾ - വീടുകളിൽ നിന്നും ഭക്ഷണത്തെക്കുറിച്ചുള്ള അറിവ് നേടുക | 7 | ജൂൺ - ജനുവരി | | | |

| | | | | | | |
|---|---|---|---|---|---|---|
| | | *ആരോഗ്യകരം<br>❖ പോഷകാഹാരം വീഡിയോ ബോധവൽക്കരണ ക്ലാസ് . ക്വിസ് | | | | |
| | | ❖ പോഷകാഹാരം കുറഞ്ഞ വസ്തുക്കൾ ഫുഡ് പ്ലേറ്റ് – കണ്ടെത്തൽ<br>പട്ടിക തയ്യാറാക്കൽ | 6 | ജൂൺ - ജനുവരി | | |
| | | ❖ ആഹാരത്തിന് അനുസരിച്ചുള്ള ജീവിത രീതികൾ രോഗങ്ങളിൽ നിന്നും മോചനം ,അറിവ് ബോധവൽക്കരണ പ്രവർത്തനങ്ങൾ | 7 | ജൂൺ - ജൂലൈ | | |
| 9 | ശാസ്ത്ര അറിവുകൾ മാതാ പിതാക്കളുടെ അറിവിലേക്കെ ത്തിക്കുക | ❖ കുട്ടികളുടെ ഓരോ മാസത്തെയും ശാസ്ത്ര പഠന ക്ലാസുകൾ കുട്ടികളിൽ സ്വീകരിക്കുന്നത് മാതാപിതാക്കളുടെ സഹകരണം (ശാസ്ത്ര കിറ്റ് ) വീടുകളിൽ നിന്നും പരിസ്ഥിതിയിൽ നിന്നും കണ്ടെത്തേണ്ടവയ്ക്കായി സഹകരണം ഉറപ്പാക്കുന്നു /ഫീഡ് ബാക്ക് | 5<br>6<br>7 | ആഗസ്റ്റ്<br>ജനുവരി | | |

# MASTER PLAN CLASS-VII ENGLISH

Name of School : St Joseph's UPS Velliyamattom
Category : UP
Language/Subject : VII

## Aims

- To encourage listening and speaking
- To develop basic reading, writing ,listening ,and speaking skills
- To get effective communications skills for their daily activities
- To introduce grammatical concepts , tenses, sentences, structure connections etc.
- To expand word galley through reading and interactive activities
- Language games, puzzles and activities
- Differentiation and support for gifted students and parent involvement and feedback

| Sl no | Aim | Activities | Month | Responsible person | Economic source | Remarks |
|---|---|---|---|---|---|---|
| 1 | To encourage learning and speaking | Introduce – word gallery from their minds each day capture many new get from many source –using ICT help<br>• Reading ,learning and speaking – assembly Small paragraphs reacted to any topic eg :"my hobby"<br>Importance of education<br>(role plays /games)<br>• Thought of the day<br>(description –(robots ) | June | English Teachers | Teachers PTA | |
| 2 | To develop basic reading writing listening and speaking skills | • Interactive reading corners, language theatre /circles<br>• Divide the students in to groups and they provide reading cards<br>English- ICT environment<br>• Each one provides them | June | | | |

| | | | | | | |
|---|---|---|---|---|---|---|
| | | with age -based stories etc<br>• Poems writing and make a magazine in each topics /their takes (congratulations) | March | | | |
| 3 | To get effective communications skills for their daily activities | • Preparing and delivering speeches<br>• Project and research assignment to foster critical thinking<br>• Improve sentence structure<br>• Develop speaking skills<br>• Presentation for advanced speaking practice | June March | | | |
| 4 | To introduce grammatical concepts, tenses sentence structure connections etc | • Interactive grammar games<br>• Structured grammar lessons with examples and practice exercise worksheets | June March | | | |
| 5 | To expand word gallery through reading and interactive activities | • My word gallery expands through the chapters<br>• Reading session<br>Listening analyzing different media source | | | | |
| 6 | Language games /puzzles and activities | Integrate language games and activities to reinforce vocabulary, grammar and language skills in an engaging way | | | | |
| 7 | Differentiation and support | Recognize and accommodate the learning needs of students through differential instruction and modification for | July March | | | |

| | | | | | | |
|---|---|---|---|---|---|---|
| | | specially abled students and gifted students | | | | |
| | Differentiation and support | • Provide additional support for the struggling students and challenge advanced learners | June March | | | |
| | Differentiation and support | Learning support specialists ,language teachers and other support for students with specific learning needs | June March | | | |
| 8 | Parent involvement and feedback | • Design a range of assessment tasks and tools to measure students language proficiency<br>• Assessment math's s such as quizzes tests ,essays ,presentation projects and performance tasks<br>• Involve students in self assessment in LSRW (Home package exercises)<br>• Tips for presents on how to support their category | August January | | | |

# U. P
# MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു<br>• രസകരമായ ഗണിത ശാസ്ത്ര പഠനവും കര ചലന ശേഷികളുടെ വികാസവും | ഗണിത ശില്പ ശാല രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നല്കുന്നു . നമ്പർ കാർഡ് മഞ്ചാടി കുരു ,മുത്തുകൾ ഫ്ലാഷ് കാർഡ് ഉപയോഗിക്കുന്നു . ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നല്കുന്നു | ജൂൺ മാസം<br>വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ<br>ഗണിത അധ്യാപകൻ | |
| • ഗണിതം മധുരമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് ഒരുക്കി ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബിലെ അംഗങ്ങളും | |
| • ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നല്കി വിദ്യാലയ മുറ്റത്ത് ഗണിത പാർക്ക് നിർമ്മിക്കുന്നു | ഒരു പ്രാവശ്യം | ഗണിത ക്ലബ് | ഗണിത ക്ലബ് . പി ടി എ |
| • ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ മറ്റ് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ അഞ്ചോ ആറോ തവണ | പി ടി എ | |
| • ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജ്യാമിതീയ രൂപങ്ങൾ ,ചതുഷ് ക്രിയകൾ ,ട്രാൻഗ്രം ഇതുപോലുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| • ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിര യിലെത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും ,ഗണിതത്തിൽ മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നല്കുന്നു | ആഴ്ചയിൽ ഒരു പീരിഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| • വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചാരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു . നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

# U.P
# HINDI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. 5,6,7,ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക . പഠിപ്പിച്ചെടുക്കുക | പുതിയ പദങ്ങൾ ,പദ്യങ്ങൾ ,ചൊല്ലുന്നതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും . ചിത്രങ്ങൾ അക്ഷര മാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2. ഹിന്ദി വായന തെറ്റ് കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമംചെയ്യും | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും . മറ്റ് ഹിന്ദി ചിത്ര കഥകൾ അവയുടെ സി ഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3. ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കി എടുക്കും . നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും . അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും . ഹിന്ദിയിൽ സംസാരിക്കുന്നവരെ ക്ലാസിൽ പരിചയപ്പെടുത്തുന്നു . വായനയ്ക്ക് –readery fight മത്സര വായന –തെറ്റാതെ ആവർത്തിക്കാതെ ,പാസില്ലാതെ കൂടുതൽ വരി വായിക്കണം . ആ കുട്ടിക്ക് സമ്മാനം നല്ലുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |